പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1804 | 14.07.2011 - ൽ മറുപടിക്ക് |
|---|---|

കാൻസർ സുരക്ഷാ പദ്ധതി ചികിത്സാ സഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പുമന്ത്രി) |

(എ) കാസർഗോഡ് ജില്ലയിൽ മെഡിക്കൽ കോളേജ് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യങ്ങൾ ഇല്ലാത്തതു മൂലം മാരകരോഗങ്ങൾക്കായുള്ള ചികിത്സയ്ക്ക് ജില്ലയിലുള്ള ഭൂരിഭാഗം പേരും കർണ്ണാടക സംസ്ഥാനത്തെ മംഗലാപുരത്തുള്ള ആശുപത്രികളെയാണ് ആശ്രയിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ അതിർത്തി ജില്ലയിലുള്ളവർ എന്ന പരിഗണന നൽകി ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന കാൻസർ സുരക്ഷാപദ്ധതി (കുട്ടികൾക്ക്), ചികിത്സാ സഹായ സൊസൈറ്റിയിൽ നിന്നുള്ള സഹായം തുടങ്ങിയവയ്ക്ക് മംഗലാപുരത്ത് ഉള്ള കെ.എം.സി. പോലെയുള്ള മെഡിക്കൽ കോളേജിൽ ചികിത്സ തേടുന്നവരുടെ അപേക്ഷകൂടി പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

(ബി) കാസർഗോഡ് ജില്ലയിൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ തുടങ്ങിയവ ഇല്ലാത്തതിനാൽ പ്രസ്തുത ജില്ലയിലെ രോഗികൾ ജില്ലാ ആശുപത്രിയിലെയോ താലൂക്ക് ആശുപത്രിയിലെയോ സൂപ്രണ്ടുമാരുടെ റഫറൻസ് കത്തോടുകൂടി അന്യസംസ്ഥാന ആശുപത്രികളിൽ ചികിത്സ തേടിയാൽ സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ്സ് ടു ദി പൂവർ പദ്ധതി പ്രകാരം പരമാവധി ചികിത്സാധനസഹായം നേരിട്ട് നൽകുന്നതിന് വ്യവസ്ഥയുണ്ട്.

സെക്ഷൻ ആഫീസർ